**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 167** **22-02-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളുടെ സുരക്ഷ വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളുടെ സുരക്ഷ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്താൻ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1735/2021/ആ കു വ തീയതി 12.08.2021 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. 1) എല്ലാ ആശുപത്രികളിലും, പ്രാരംഭ ഘട്ടമെന്ന നിലയിൽ താലൂക്ക്/ജില്ലാ /ജനറൽ/ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ ക്യാഷ്വാലിറ്റി, ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ cctv ക്യാമറകൾ , പോലീസ് സഹായകേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2) ആരോഗ്യ സ്ഥാപനത്തിലെ സുരക്ഷാ ചുമതല ഒരു ഓഫീസർക്ക് നൽകാനും, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പടെയുള്ള ജീവനക്കാർക്ക് സുരക്ഷ സംബന്ധിച്ച പരിശീലനം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 3) വിരമിച്ച സൈനികരെ സുരക്ഷാ ചുമതലയിൽ നിയോഗിക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ പറയുന്നവ കൂടാതെ മെഡിക്കൽ കോളേജുകളിലെ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1. ആശുപത്രിയിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ ജീവനക്കാരുടേയും തിരിച്ചറിയൽ രേഖ നിർബന്ധമായും പരിശോധിക്കുന്നുണ്ട്. 2. വാർഡുകളിൽ അഡ്മിറ്റാകുന്ന രോഗികളുടെ കൂട്ടിരിപ്പുകാർ കൈയിൽ കൂട്ടിരിപ്പുകാർക്ക് അനുവദിക്കുന്ന പാസ്സ് കരുതണം. പാസ്സില്ലാതെ ഒഴികഴിവുകൾ പറഞ്ഞുവരുന്ന കൂട്ടിരുപ്പുകാരെ പ്രവേശിപ്പിക്കുന്നതല്ല. 3. ഒരു രോഗിയുടെ കൂടെ ഒരു ബൈ സ്റ്റാൻഡറെ മാത്രമേ അനുവദിക്കുകയുള്ളൂ. വാർഡിലെ ഡോക്ടർമാർ/ നഴ്സിംഗ് ഓഫീസർമാർ രേഖാമൂലമോ |

| | | | |
|---|---|---|---|
| | | | ടെലിഫോണിലൂടെയോ ആവശ്യപ്പെടുന്ന പക്ഷം മാത്രമേ അധിക ബൈ സ്റ്റാൻഡറെ അനുവദിക്കുകയുള്ളൂ. 4. പ്രസവ വാർഡിൽ 24 മണിക്കൂറും സെക്യൂരിറ്റി ഉറപ്പാക്കുന്നുണ്ട്. 5. പ്രസവ വാർഡിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ ജീവനക്കാരുടേയും തിരിച്ചറിയൽ രേഖ പരിശോധിക്കുന്നുണ്ട്. 6. നവജാതശിശുവിനെ മാത്രം ചികിത്സയ്ക്കായി അമ്മയുടെ കൈയിൽ നിന്നും ഉത്തരവാദപ്പെട്ടവർ വാങ്ങിക്കൊണ്ടു പോകുമ്പോൾ ബൈസ്റ്റാൻഡർ കൂടെ അനുഗമിക്കേണ്ടതാണ് എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. 7. തട്ടിപ്പുകാർക്കെതിരെ ജാഗരൂകരായിരിക്കാൻ രോഗിയേയും കൂട്ടിരിപ്പുകാരെയും ബോധവൽകരിക്കുന്നുണ്ട്. 8. ആശുപത്രിയുടെ കവാടത്തിൽ സഹായകവാടവും അന്വേഷണ കൗണ്ടറും സ്ഥാപിച്ചിട്ടുണ്ട്. 9. രോഗികളെ ഡിസ്ചാർജ് ചെയ്യുമ്പോൾ ഐപി ബുക്കിൽ ഡിസ്ചാർജ്ജ് സീൽ പതിച്ച് പാസ്സ് തിരികെ വാങ്ങുന്നുണ്ട്. 10. ഡ്യൂട്ടി സർജന്റിന്റെ ഓഫീസ് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. 11. സിസിറ്റിവി കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. 12 .പ്രധാന മെഡിക്കൽ കോളേജുകളിൽ പബ്ലിക് അനൗൺസ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് 13. അഗ്നിശമന സുരക്ഷാസംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സുരക്ഷാ ഓഡിറ്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കോട്ടയത്ത് മെഡിക്കൽ കോളേജിൽ നിന്നും നവജാത ശിശുവിനെ തട്ടിയെടുത്ത സംഭവവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ മെഡിക്കൽ കോളജുകളിലും സർക്കാർ ആശുപത്രികളിലും സുരക്ഷാ ഓഡിറ്റ് നടത്തുമെന്ന് പ്രഖ്യാപിച്ചത് സംബന്ധിച്ച് സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) | സുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്താൻ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1735/2021/ആ കു വ തീയതി 12.08.2021 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. 1) എല്ലാ ആശുപത്രികളിലും, പ്രാരംഭ ഘട്ടമെന്ന നിലയിൽ താലൂക്ക്/ജില്ലാ /ജനറൽ/ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ ക്യാഷ്വാലിറ്റി, ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ cctv ക്യാമറകൾ , പോലീസ് സഹായകേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2) ആരോഗ്യ സ്ഥാപനത്തിലെ സുരക്ഷാ ചുമതല ഒരു ഓഫീസർക്ക് നൽകാനും, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പടെയുള്ള ജീവനക്കാർക്ക് സുരക്ഷ സംബന്ധിച്ച പരിശീലനം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 3) വിരമിച്ച സൈനികരെ സുരക്ഷാ ചുമതലയിൽ നിയോഗിക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ പറയുന്നവ കൂടാതെ മെഡിക്കൽ കോളേജുകളിലെ |

| | | | | |
|---|---|---|---|---|
| | | | | സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1. ആശുപത്രിയിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ ജീവനക്കാരുടേയും തിരിച്ചറിയൽ രേഖ നിർബന്ധമായും പരിശോധിക്കുന്നുണ്ട്. 2. വാർഡുകളിൽ അഡ്മിറ്റാകുന്ന രോഗികളുടെ കൂട്ടിരിപ്പുകാർ കൈയിൽ കൂട്ടിരിപ്പുകാർക്ക് അനുവദിക്കുന്ന പാസ്സ് കരുതണം. പാസ്സില്ലാതെ ഒഴികഴിവുകൾ പറഞ്ഞുവരുന്ന കൂട്ടിരുപ്പുകാരെ പ്രവേശിപ്പിക്കുന്നതല്ല. 3. ഒരു രോഗിയുടെ കൂടെ ഒരു ബൈ സ്റ്റാൻഡറെ മാത്രമേ അനുവദിക്കുകയുള്ളൂ. വാർഡിലെ ഡോക്ടർമാർ/ നഴ്സിംഗ് ഓഫീസർമാർ രേഖാമൂലമോ ടെലിഫോണിലൂടെയോ ആവശ്യപ്പെടുന്ന പക്ഷം മാത്രമേ അധിക ബൈ സ്റ്റാൻഡറെ അനുവദിക്കുകയുള്ളൂ. 4. പ്രസവ വാർഡിൽ 24 മണിക്കൂറും സെക്യൂരിറ്റി ഉറപ്പാക്കുന്നുണ്ട്. 5. പ്രസവ വാർഡിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ ജീവനക്കാരുടേയും തിരിച്ചറിയൽ രേഖ പരിശോധിക്കുന്നുണ്ട്. 6. നവജാതശിശുവിനെ മാത്രം ചികിത്സയ്ക്കായി അമ്മയുടെ കൈയിൽ നിന്നും ഉത്തരവാദപ്പെട്ടവർ വാങ്ങിക്കൊണ്ടു പോകുമ്പോൾ ബൈസ്റ്റാൻഡർ കൂടെ അനുഗമിക്കേണ്ടതാണ് എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. 7. തട്ടിപ്പുകാർക്കെതിരെ ജാഗരൂകരായിരിക്കാൻ രോഗിയേയും കൂട്ടിരിപ്പുകാരെയും ബോധവൽകരിക്കുന്നുണ്ട്. 8. ആശുപത്രിയുടെ കവാടത്തിൽ സഹായകവാടവും അന്വേഷണ കൗണ്ടറും സ്ഥാപിച്ചിട്ടുണ്ട്. 9. രോഗികളെ ഡിസ്ചാർജ് ചെയ്യുമ്പോൾ ഐപി ബുക്കിൽ ഡിസ്ചാർജ്ജ് സീൽ പതിച്ച് പാസ്സ് തിരികെ വാങ്ങുന്നുണ്ട്. 10. ഡ്യൂട്ടി സർജന്റിന്റെ ഓഫീസ് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. 11. സിസിറ്റിവി കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. 12 .പ്രധാന മെഡിക്കൽ കോളേജുകളിൽ പബ്ലിക് അനൗൺസ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് 13. അഗ്നിശമന സുരക്ഷാസംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സുരക്ഷാ ഓഡിറ്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ